പ്രവർത്തനം നടത്താനുള്ള സാധ്യത കുറഞ്ഞുവരികയാണ്. അതുകൊണ്ട് കൂടുതൽ വെറ്ററിനറി കോളേജുകൾ തുടങ്ങണമെന്നാണ് സർക്കാരിന്റെ നയം. ചേലക്കരയിൽ അനുയോജ്യമായ സ്ഥലത്ത് വെറ്ററിനറി കോളേജ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ചേലക്കരയോടൊപ്പം ഹരിപ്പാട്ടും കുന്നുപറമ്പിലും അനുയോജ്യമായ സ്ഥലം കണ്ടെത്തി വെറ്ററിനറി കോളേജുകൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുസംബന്ധിച്ച് അനുകൂലമായ പ്രതികരണം കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. കോളേജുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ KVASU താമസിയാതെതന്നെ സർക്കാരിന് ലഭ്യമാക്കുന്നതും ഉടൻതന്നെ മറ്റ് നടപടികൾ പൂർത്തീകരിച്ച് ആരംഭിക്കുന്നതുമാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

14. വിളനാശത്തിന് നഷ്ടപരിഹാരം

ശ്രീ. ഇ. പി. ജയരാജൻ : സർ, പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്ത് വർഷംതോറും കോടിക്കണക്കിന് രൂപയുടെ കാർഷിക വിളകളാണ് നശിച്ചു കൊണ്ടിരിക്കുന്നത്. ഇതിന്റെ മഹാഭൂരിപക്ഷം ദുരിതങ്ങളും അനുഭവിക്കേണ്ടി വരുന്നത് നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട കൃഷിക്കാരാണ്. കാർഷിക വിളകൾ നശിക്കുന്ന കർഷകർക്ക് മതിയായ നഷ്ടപരിഹാരം ലഭ്യമാകുന്നില്ലായെന്നുള്ളതാണ് പ്രശ്നം. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നാണ് കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക വളരെ അപര്യാപ്തമാണ്. ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന തുക 2012 ഏപ്രിൽ മാസത്തിൽ പുനർനിർണ്ണയിച്ചിട്ടുള്ളതാണ്. കാലോചിതമായിട്ടുള്ള മാറ്റങ്ങളൊന്നും അതിനുണ്ടായിട്ടില്ല. അതുകൊണ്ട് കൃഷിക്കാർക്ക് നാശനഷ്ടംമൂലം കൃഷി നഷ്ടപ്പെടുമ്പോൾ ഉച്ചമായിട്ടുള്ള തുകയാണ് ലഭിക്കുന്നത്. ഒരു ഹെക്ടർ സ്ഥലത്തെ നെൽകൃഷി നശിച്ചാൽ കർഷകർക്ക് ഒരു ലക്ഷം രൂപയോളം നഷ്ടമുണ്ടാകുന്നു. ഒരു ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചാൽ കൃഷി ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നത് പതിനായിരം രൂപയാണ്.

മറ്റൊന്ന്, കായ്ഫലമുള്ള തെങ്ങ് കാലവർഷക്കെടുതിയിൽ നഷ്ടപ്പെട്ടുപോയാൽ ഒരു തെങ്ങിന് 700 രൂപയാണ് കൃഷിക്കാരന് നൽകുന്നത്. റബ്ബർ മരം നശിച്ചാൽ വെറും മൂന്നൂറ് രൂപയാണ് നൽകുന്നത്. രണ്ട് കി.ഗ്രാം റബ്ബറിന്റെ വില മാത്രമാണ് ഒരു റബ്ബർമരം നഷ്ടപ്പെട്ടുപോയാൽ റബ്ബർ കൃഷിക്കാരന് നൽകുന്നത്. അടയ്ക്കാമരം നശിച്ചാൽ നൽകുന്നത് 150 രൂപയാണ്. 25 സെന്റിലെ മരിച്ചീനി കൃഷി നശിച്ചവർക്ക് നൽകുന്നത് വെറും 150 രൂപയാണ്. ഒരു കി.ഗ്രാം മരിച്ചീനിക്ക് 30 രൂപയിൽ കൂടുതൽ വിലയുണ്ട്. അപ്പോഴാണ് മരിച്ചീനികൃഷിക്കാർക്ക് ഉച്ചമായ തുക

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നഷ്ടപരിഹാരമായി നൽകുന്നത്. ഒരു സെന്റിലെ പച്ചക്കറി കൃഷി നശിച്ചുപോയാൽ കൃഷി വകുപ്പ് നൽകുന്നത് വെറും 20 രൂപയാണ്. ഒരു ഹെക്ടറിലെ ഏലം കൃഷി നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരമായി നൽകുന്നത് 2,500 രൂപയാണ്. കരുമുളക് നശിച്ചാൽ, ഒരു കരുമുളക് വള്ളിക്ക് 75 രൂപയാണ് നൽകുന്നത്. പ്രകൃതിക്ഷോഭത്തിൽ എല്ലാം നഷ്ടപ്പെട്ട് കടക്കെണിയിലായിരിക്കുന്ന കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും നൽകി കൊണ്ടിരിക്കുന്ന ഫണ്ടിന്റെ തുക വർദ്ധിപ്പിക്കണം. കാർഷികോത്പാദന രംഗത്ത് കൃഷിക്കാരുടെ മനോവീര്യം വീണ്ടെടുക്കണം. കൃഷിക്കാർക്ക് ഉത്പാദന രംഗത്ത് താൽപ്പര്യം ഉണ്ടാക്കിക്കൊടുക്കണം. കാർഷിക വിളകൾ നഷ്ടപ്പെട്ടുപോയാൽ ഗവൺമെന്റിൽനിന്നും മതിയായ നഷ്ടപരിഹാരം ലഭിച്ചാൽമാത്രമേ കർഷകരെ ഈ രംഗത്തേയ്ക്ക് ആകർഷിക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിന്റെ സമ്പത്താണ് കാർഷിക മേഖല. ഇത് മനസ്സിലാക്കി, കൃഷി വകുപ്പുമന്ത്രി അങ്ങയുടെ മണ്ഡലത്തിലും തൊട്ടടുത്തുകിടക്കുന്ന മണ്ഡലത്തിലുമെല്ലാം ഇക്കാര്യങ്ങളെക്കുറിച്ച് പ്രത്യേക ശ്രദ്ധ പതിപ്പിച്ച് ആവശ്യമായ സംരക്ഷണം നൽകാൻ മുന്നോട്ട് വരണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ആവശ്യപ്പെടാനുള്ളത്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് എസ്.ഡി.ആർ.എഫ്.-ൽ നിന്ന് ഓരോ വിളകൾക്കും നൽകി വരുന്ന നഷ്ടപരിഹാര തുകകളുടെ തോത് 11-6-2012-ലെ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എസ്.ഡി.ആർ.എഫ്., എൻ.ഡി.ആർ.എഫ്. എന്നിവയിൽനിന്നും നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ പുതുക്കിയതിനെത്തുടർന്ന് 12-9-2012-ലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരും പ്രസ്തുത മാനദണ്ഡങ്ങൾ പുതുക്കിയിരുന്നു. എന്നാൽ നഷ്ടപരിഹാരത്തുക നിശ്ചയിച്ചിരുന്ന വിളകളെ ഈ ഉത്തരവിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിരുന്നു. എസ്.ഡി.ആർ.എഫ്.-എൻ.ഡി.ആർ.എഫ് -ൽ നിന്നും നൽകുന്ന സഹായത്തിന്റെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ ഇതിനിടെ വീണ്ടും പുതുക്കിയിരുന്നു. എന്നാൽ അതനുസരിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 24-1-2014-ലെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുള്ള വിളകളെ ഒഴിവാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ എസ്.ഡി.ആർ.എഫ്.-ൽ നിന്നും ഓരോ വിളകൾക്കും ലഭിക്കുന്ന നഷ്ടപരിഹാര തുകയിൽ കുറവ് വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ മേശപ്പുറത്ത് വെയ്ക്കുന്നു. 24-1-2014-ലെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരത്തുകയുടെ തോത് കുറവായതിനാൽ ഇക്കാര്യം പരിഹരിക്കാനുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് താൽപര്യം കൊടുത്തുകൊണ്ട് അവ പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകയ്യെടുത്തുകൊണ്ട്

ചിങ്ങം-1 മുതൽ കാർഷിക വിളകൾക്ക് പുതിയ ക്രോപ്പ് ഇൻഷ്വറൻസ് നൽകുകയാണ്. എല്ലാ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനുള്ള നടപടികൾ പൂർണ്ണമായാൽ നമുക്ക് ഇരുനിൽനിന്നും കൂടുതൽ തുക ലഭിക്കാനുള്ള നടപടി ഉണ്ടാകും.

15. ബസ്സപകടം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്നിലെ അരിയല്ലൂർ ഗവൺമെന്റ് യു.പി. സ്കൂളിനുമുമ്പിൽവച്ച് ഇന്ന് രാവിലെ പത്ത് മണിക്ക് ഒരു ബസ്സപകടം ഉണ്ടായി. ആ ബസ്സപകടത്തിൽ രണ്ടുപേർ മരിച്ചിട്ടുണ്ട്. കൂടുതൽ മരണമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്നാണ് മനസ്സിലായത്. ഇരുപത്തിരണ്ട് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിക്കേറ്റിട്ടുണ്ട്. അപകടം കണ്ടുനിന്ന കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റായിരുന്ന സത്യാനന്ദൻ ഹൃദയസ്തംഭനം മൂലം അവിടെ കുഴഞ്ഞുവീണ് മരിക്കുകയും ചെയ്തിട്ടുണ്ട്. ഈ അപകടത്തിന്റെ നിജസ്ഥിതി അന്വേഷിച്ച് ആവശ്യമായ സഹായ സഹകരണങ്ങൾ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ചെയ്യു തരണമെന്നഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും റവന്യുവകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ദൗർഭാഗ്യകരമായ ഒരു സംഭവമാണ് ഇന്നുരാവിലെ 9.10-ന് മലപ്പുറം പരപ്പനങ്ങാടി പോലീസ് സ്റ്റേഷൻ പരിസരത്തുള്ള വള്ളിക്കുന്ന് എന്ന സ്ഥലത്ത് ഉണ്ടായത്. ചാലിയത്ത്നിന്ന് പരപ്പനങ്ങാടിയിലേക്ക് പോകുകയായിരുന്ന അൽ-അമീൻ എന്ന പ്രൈവറ്റ് ബസ് ആക്സിൽ ഒടിഞ്ഞ് നിയന്ത്രണംവിട്ട് മറിഞ്ഞതിൽ ബസ്സിലെ യാത്രക്കാരായ രണ്ട് സ്ത്രീകൾ മരണപ്പെട്ടു. 18 യാത്രക്കാർക്ക് പരിക്കേറ്റു. രണ്ടുപേരുടെ നില ഗുരുതരമാണ്. അപകടം കണ്ടുനിന്ന സത്യാനന്ദൻ എന്ന വള്ളിക്കുന്ന് മണ്ഡലം പ്രസിഡന്റ് കുഴഞ്ഞുവീണ് തൽസ്ഥലത്തുതന്നെ മരിച്ചു. പരിക്കേറ്റവരെ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്കും പരപ്പനങ്ങാടി എ.കെ.ജി. ആശുപത്രിയിലേയ്ക്കും കൊണ്ടുപോയതായി അറിയുന്നു. മലപ്പുറം എസ്.പി.യോടും ഉന്നത പോലീസു ദ്യോഗസ്ഥരോടും പ്രസ്തുത സ്ഥലം സന്ദർശിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ വൈദ്യ പരിശോധനകൾക്കും മറ്റ് സഹായങ്ങൾക്കും വേണ്ടിയുള്ള നടപടികളും ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇതിനെക്കുറിച്ച് സംസാരിച്ചുകഴിഞ്ഞു. കാര്യങ്ങൾ അന്വേഷിക്കുന്നതിനും മറ്റ് നടപടികൾ എടുക്കുന്നതിനുമായി ഡിപ്പാർട്ടുമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിപ്പാർട്ടുമെന്റലായി ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly